# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1119 | | 12.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ആലത്തൂർ ഖര മാലിന്യ പ്ലാന്റിന് സാമ്പത്തിക സഹായം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.ഡി.പ്രസേനൻ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ആലത്തൂരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഖരമാലിന്യപ്ലാന്റ് നവീകരിക്കാൻ സംസ്ഥാന സർക്കാരിന് സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന് അറിയിക്കുമോ; | (എ) | ആലത്തൂരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ നിലവിലുള്ള സ്ഥിതി പഠനവിധേയമാക്കി ആവശ്യകത നിശ്ചയിച്ച് നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റേ നയത്തിന് വിധേയമായി തയ്യാറാക്കി സമർപ്പിക്കുന്ന പക്ഷം ആയതിന് സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കി അർഹമായ സാമ്പത്തിക സഹായം നൽകാൻ കഴിയും. |
| (ബി) | പ്രസ്തുത ഖരമാലിന്യപ്ലാന്റ് ഉൽപ്പാദിപ്പിക്കുന്ന ജൈവ-വളത്തിന്റെ വിതരണം കാര്യക്ഷമമാക്കാൻ സർക്കാർ ഏജൻസികൾ സഹായിക്കുമോ; | (ബി) | ഉല്പ്പാദിപ്പിക്കപ്പെടുന്ന ജൈവവളം കർഷകർക്ക് നേരിട്ട് ലഭ്യമാക്കുകയാണ് നിലവിൽ ചെയ്യുന്നത്. എന്നാൽ കൃഷി ഭവൻ പോലുള്ള സർക്കാർ ഏജൻസികൾ മുഖാന്തിരം കർഷകർക്ക് നേരിട്ട് എത്തിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്ലാന്റിലെ ജീവനക്കാരുടെ ന്യായമായ ദിവസക്കൂലി ഉൾപ്പെടെ ഉറപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ജീവനക്കാരുടെ ദിവസ വേതനം 250/- രൂപയാണ്. തൊഴിലുറപ്പുപദ്ധതിയുൾപ്പെടെ വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്ലാന്റിലെ തൊഴിലാളികൾ വേതന വർദ്ധനവ് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് വേതനം നല്കിവരുന്നത്. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളോ വികേന്ദ്രീകൃത പ്ലാന്റുകളോ പ്രവർത്തിപ്പിക്കാനായി സേവനതൽപരതയുള്ള സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, സർക്കാർ അംഗീകൃത സേവനദാതാക്കൾ, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയ ഏജൻസികളിൽ ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ പരിശോധിച്ച് അവരിൽ നിന്നും ഓഫറുകൾ സ്വീകരിച്ച്, അവ പരിശോധിച്ച് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഉചിതമായ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ ഏറ്റെടുക്കേണ്ടതാണെന്ന് സർക്കാർ സർക്കുലർ നം. 80308/ഡി.സി1/2014/തസ്വഭവ തീയതി 10-08-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ